# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1353.

11-08-2017 ൽ മറുപടിയ്ക്ക്

## തഴവ ഗ്രാമപഞ്ചായത്തിലെ കട്ടക്കുഴി പുഞ്ചയിൽ നെൽകൃഷി

**ചോദ്യം**
ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തഴവ ഗ്രാമപഞ്ചായത്തിലെ കട്ടക്കുഴി പുഞ്ചയിൽ പാടശേഖര സമിതി നടത്തിയ നെൽകൃഷി, കാലവർഷത്തിൽ സമീപത്തുള്ള തോട്ടിലെ ബണ്ട് തകർന്ന് വെള്ളവും പായലും കയറി നശിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാടശേഖരസമിതിയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | കട്ടക്കുഴി പാടശേഖരത്തിൽ 2017-18 വർഷം ഒന്നാം വിളയായി കൃഷിയിറക്കിയ 50 ഏക്കർ നെൽകൃഷിക്കും കാലവർഷക്കെടുതിയിൽ പാടശേഖരത്തിന്റെ അരികിലൂടെ കടന്നുപോകുന്ന ആറാട്ടുപുഴ - വട്ടക്കായൽ തോട് കരകവിഞ്ഞ് ഒഴുകിയതിനാൽ ഭാഗികമായ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. തുടർന്ന് കാലവർഷം ശക്തമായിരുന്നില്ല. അതിനാൽ വെള്ളം വാർന്ന് പോയതുകാരണം കൃഷി നാശം 20%-ത്തിൽ താഴെയാണ് സംഭവിച്ചത്. ഭാഗിക കൃഷി നാശമായതിനാൽ കൃഷിനാശത്തിനുള്ള ആനുകൂല്യം അനുവദിച്ചിട്ടില്ല. എന്നാൽ കൃഷി നിലവിലുള്ളതിനാൽ നിലവിലുള്ള കൃഷിയ്ക്ക് 2017-18 വർഷത്തെ നെൽകൃഷി വികസന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (സി) | കട്ടക്കുഴി പുഞ്ചയുടെ സമീപത്തുകൂടി കടന്നുപോകുന്ന തോട്ടിൽ നിന്നും വെള്ളം കയറി കൃഷിനശിക്കുന്നത് ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി ബണ്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ